കാണാതാകുന്നവരുടേയും ആശ്രിതർക്ക് 1 ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 1 ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും നൽകുന്നു. അപകടംമൂലം 24 മണിക്കൂറെങ്കിലും ആശുപത്രിയിൽ കിടത്തി ചികിൽസ ആവശ്യമായി വരുന്നവർക്ക് പരമാവധി 2,000 രൂപയും നൽകിവരുന്നു. കൂടാതെ അപകടംമൂലം ചുരുങ്ങിയത് 7 ദിവസത്തേക്കെങ്കിലും ചികിൽസാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ താൽക്കാലിക അവശതയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം പരമാവധി 500 രൂപ ധനസഹായവും മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 20,000 രൂപ ധനസഹായവും നൽകിവരുന്നു.

മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നുകൊണ്ട് മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മൽസ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ വാർഷിക പ്രീമിയം അടച്ച് അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളി, അപകടത്തിൽപ്പെട്ട് മരിക്കുന്നെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 1.5 ലക്ഷം രൂപയും അപകടത്തിൽ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ അതിന്റെ തീവ്രത അനുസരിച്ച് ആനുപാതികമായ തുകയും ഇൻഷ്വറൻസ് ആനുകൂല്യമായി നൽകി വരുന്നു.

(ബി) മത്സ്യബന്ധനത്തിനു പോയി കാണാതാകുന്നവരുടെ ആശ്രിതർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 1 ലക്ഷം രൂപ ധനസഹായമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്നു.

മൽസ്യഫെഡ്വഴി നടപ്പിലാക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോയി കാണാതാവുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് നിയമപരമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് 1.5 ലക്ഷം രൂപ ഇൻഷ്വറൻസ് ആനുകൂല്യമായി നൽകിവരുന്നു.

(സി) ഈ വർഷം ഇതേവരെ 34 പേർ മത്സ്യബന്ധനത്തിനിടയിൽ മരിക്കുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ ആശ്രിതർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

## മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ സഹായം

107 [2717] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. ബി. ഗണേഷ് കുമാർ:
,, ആർ. ബാലകൃഷ്ണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക നഷ്ടപ്പെട്ടതായി മാദ്ധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പദ്ധതികൾക്കുള്ള തുകയാണ് ഇങ്ങനെ നഷ്ടപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര തുക ഈ ഇനത്തിൽ നഷ്ടമായി;

(ഡി) ഇങ്ങനെ തുക നഷ്ടപ്പെടുവാൻ ഇടവരുത്തിയത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായിരുന്നു എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പദ്ധതി തുകകൾ ഒന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളി ഭവന പദ്ധതി

108 [2718] ശ്രീ. കെ. ബാബു:
,, ബി. വിജയകുമാർ:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഭവന പദ്ധതിപ്രകാരം 2001 മേയ് മുതൽ ഇതുവരെ എത്ര പേർക്ക് വീട് വച്ചു കൊടുത്തു;

(ബി) അതിന് ഒട്ടാകെ എന്തു തുക ചെലവായിയെന്നറിയിക്കാമോ?

ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിപ്രകാരം 6,945 വീടുകളും സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം 2,500 വീടുകളും അനുവദിച്ചു.

(ബി) ചെലവായ തുക ചുവടെ ചേർക്കുന്നു:

| വർഷം | | തുക (ലക്ഷത്തിൽ) |
|---|---|---|
| 2001-02 | .. | 800.00 |
| 2002-03 | .. | 177.87 |
| 2003-04 | .. | 600.00 |
| 2004-05 | .. | 600.00 |
| 2005-06 | .. | 600.00 |
| ആകെ | | 2777.87 |
| സ്പെഷ്യൽ പാക്കേജ് പദ്ധതി: | | |
| 2005-06 (അനുവദിക്കുന്ന തുക) | .. | 1000.00 |
| ആകെ | | 3777.87 |

LIBRARY ARCHIVES Kerala Legislative Assembly